# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5077

22/05/2017 ൽ മറുപടിക്ക്

### അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയും മാഫിയാ ഭീഷണി നേരിടുന്നവർക്ക് സംരക്ഷണവും

**ചോദ്യം**

ശ്രീമതി.സി.കെ.ബിജിമോൾ

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിലെ അഴിമതിക്കാരായ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അഴിമതിക്കാരായ 224 റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ ഭൂമി കയ്യേറ്റം ചെയ്യുകയോ ഒഴിപ്പിക്കുവാൻ തയ്യാറാവുകയോ ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ; | (ബി) | സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുക എന്നത് സർക്കാരിന്റെ നയമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഭൂനിയമങ്ങൾ കർശനമായി നടപ്പാക്കാൻ ശ്രമിക്കുന്ന റവന്യൂ ഉദ്യോഗസ്ഥർ മാഫിയ ഭീഷണി നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ചില ഭീഷണികൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുന്ന ക്രിമിനലുകളിൽ നിന്ന് അവർക്ക് സംരക്ഷണം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | (ഡി) | ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഉദ്യോഗസ്ഥർക്ക് സർക്കാർ പരിപൂർണ്ണ സംരക്ഷണം ഉറപ്പുവരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ